കേരളസർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2018 ആഗസ്ത് 09 വ്യാഴം

---

# പ്രളയ ബാധിതർക്ക് കയർ ഉൽപ്പന്നങ്ങൾ: ആദ്യഘട്ട ഉദ്ഘാടനം മന്ത്രി തോമസ് ഐസക് നിർവഹിച്ചു

പ്രളയ ബാധിതർക്ക് സർക്കാർ തീരുമാനപ്രകാരം കയർ ഉൽപ്പന്നങ്ങൾ നൽകാനുള്ള പദ്ധതിക്ക് കയർ-ധനവകുപ്പ് മന്ത്രി ടി.എം. തോമസ് ഐസക്ക് തുടക്കം കുറിച്ചു. കയർ തടുക്കുകൾ, കയററുപായ എന്നിവയാണ് ദുരിതാശ്വാസ കേന്ദ്രങ്ങളിൽ നിന്ന് വീട്ടിലേക്ക് മടങ്ങുമ്പോൾ സർക്കാരിൻരെ വിവിധ കയർ സ്ഥാപനങ്ങൽ വഴി നൽകുന്നത്. പ്രളയബാധിതരെ സംബന്ധിച്ച് റവന്യൂ വകുപ്പ് തയ്യാറാക്കിയ നെഹ്റുട്രോഫി വാർഡിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങൾക്ക് ആദ്യഘട്ടമെന്ന നിലയിൽ കയറുൽപ്പന്നങ്ങളുടെ വിതരണം ഇന്നലെ പുന്നമട ബോട്ട് ജെട്ടിയിൽ നടന്നു. കയർ കോർപ്പറേഷനാണ് ആദ്യ ഘട്ട വിതരണത്തിനുള്ള കയർ ഉൽപ്പന്നങ്ങൾ എത്തിച്ചത്. കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നത്തിന് അടിയന്തിര പരിഹാരം കാണുന്നതിന് 100 ആർ.ഓ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് മന്ത്രി തോമസ് ഐസക് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കുട്ടനാട് കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തിയാക്കും. കുട്ടനാടിന്റെ രണ്ടാം പാക്കേജ് മന്ത്രിസഭ പരിഗണിച്ചതായും കുട്ടനാട്ടിലെ എല്ലാ പഞ്ചായത്തുകളിലും വിവിധോദ്ദേശ്യ ഹാളുകൾ നിർമിക്കുമെന്നും അദ്ദേഹം പറഞ്ഞു. കയർ കോർപറേഷൻ ചെയർമാൻ ആർ.നാസർ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫോർമാറ്റിങ്സ് ചെയർമാൻ കെ.ആർ.ഭഗീരഥൻ, മെഷീൻ മാനുഫാക്ചറിങ് കമ്പനി ചെയർമാൻ കെ.പ്രസാദ്, കയർഫെഡ് ചെയർമാൻ സായികുമാർ, വാർഡ് കൗൺസിലർ സലീം, കയർ കോർപറേഷൻ മാനേജിങ് ഡയറക്ടർ ജി.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു.

ചിത്രവിവരണം
കുട്ടനാട്ടിലെ പ്രളയ ബാധിതർക്കുള്ള കയർവകുപ്പിൻരെ കയർ ഉൽപ്പന്നങ്ങളുടെ വിതരണം കയർ -ധനവകുപ്പ് മന്ത്രി തോമസ് ഐസക് നിർവഹിക്കുന്നു.

(പി.എൻ.എ. 2250/2018)

# അളവ്-തൂക്കത്തിലെ ക്രമക്കേട്; കൺട്രോൾ റൂം തുറന്നു

ആലപ്പുഴ: ഓണം-ബക്രീദ് ഉത്സവാഘോഷത്തിന്റെ ഭാഗമായി ഉപഭോക്തൃസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ കൺട്രോൾ റൂം പ്രവർത്തനം ആരംഭിക്കുന്നു. ഓഗസ്റ്റ് 13 മുതൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം പരാതികൾ സ്വീകരിക്കുന്നതിനും നടപടികളെടുക്കുന്നതിനും സജ്ജമായിരിക്കും. പരാതികൾ ഫോൺ മുഖേനയും നൽകാം. ഉൽപ്പന്നങ്ങൾ അളവിലും തൂക്കത്തിലും കുറവ് കാണപ്പെടുകയോ, അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്രചെയ്ത് സാക്ഷ്യപ്പെടുത്താതെ ഉപയോഗിക്കയോ പായ്ക്കു ചെയ്ത ഉൽപ്പന്നങ്ങളിൽ ആവശ്യമായ പ്രഖ്യാപനങ്ങൾ രേഖപ്പെടുത്താതെയോ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉപഭോക്താക്കൾക്ക് പരാതിപ്പെടാം.വിവിധ താലൂക്കുകളിൽ സ്വകാഡുകൾ സജ്ജമായിരിക്കുമെന്നും പരാതി ലഭിച്ചാൽ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്നും കുറ്റക്കാരെന്നു കണ്ടാൽ കോടതി നടപടികൾ ഉൾപ്പെടെയുള്ള ശിക്ഷണ നടപടികൾ ഉണ്ടാകുമെന്നും അസി.കൺട്രോൾ അറിയിച്ചു. ഫോൺ: 0477 2230647, 8281698037.

(പി.എൻ.എ. 2251/2018)

// തുടരും //